## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1684 | 10.03.2020- ൽ മറുപടിക്ക് |
|---|---|

## റീബിൽഡ് കേരള വഴിയുള്ള മൂവാറ്റുപുഴ മണ്ഡലത്തിലെ പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം: | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) & (ബി) | റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നും അറിയിക്കാമോ? | | ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, തുടങ്ങിയ വകുപ്പുകളുടേതായി 2151 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ 1134 കോടി രൂപ ചെലവ് വരുന്ന പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>അംഗീകരിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളിൽ മൂവാറ്റുപുഴ |

| | | | |
|---|---|---|---|
| | | | നിയോജക മണ്ഡലത്തിലെ കക്കടശ്ശേരി-കാളിയാർ റോഡും (20.6 KM) മൂവാറ്റുപുഴ-തേനി റോഡും (15.75KM) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു.<br><br>കൂടാതെ അംഗീകരിക്കപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ ആനിക്കാട്-പ്രാവിടാക്കുന്നു റോഡ്, കടവൂർ-പരീതപ്പാറ റോഡ്, ചക്കുമ്മൻ-കബറിങ്കൽ മസ്ജിദ് റോഡ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ